കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്ജില്ലാ
ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി :2019 നവംബർ 01 വെള്ളി

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>

Web:www.prd.kerala.gov.in.Email.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>

ഭാഗം – 3

Updated File

ജില്ലയിലെ കടലാക്രമണ പ്രദേശങ്ങൾ ജില്ലാ കളക്ടർ സന്ദർശിച്ചു

ജില്ലയിലെ കടലാക്രമണ പ്രദേശങ്ങൾ ജില്ലാ കളക്ടർ എസ്. ഷാനവാസ് സന്ദർശിച്ചു. തീരദേശവാസികളുടെ ദുരിതവും പ്രയാസവും നേരിൽ കണ്ടറിയുന്നതിന്റെ ഭാഗമായായിരുന്നു സന്ദർശനം. എറിയാട് പഞ്ചായത്തിലെ ചന്ത കടപ്പുറം, ചേരമാൻ, എടവിലങ്ങ് പഞ്ചായത്തിലെ കാര പുതിയറോഡ്, അറപ്പ, ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ ഏത്തായ്, പൊക്കുളങ്ങര ബീച്ച്, വാടാനപ്പള്ളി പഞ്ചായത്തിലെ പൊക്കാഞ്ചേരി ബീച്ച് എന്നിവിടങ്ങളിലായിരുന്നു സന്ദർശനം. ഏങ്ങണ്ടിയൂർ പ്രദേശങ്ങളിൽ താൽക്കാലികമായി ജിയോ ബാഗ് ഉപയോഗിച്ച് തടയണ തീർക്കുമെന്നും അടുത്ത കാലവർഷത്തിന് മുമ്പ് ഇവിടെയുള്ള കുടുംബങ്ങളെ പുനരധിവസിപ്പിക്കുമെന്നും കളക്ടർ പറഞ്ഞു.

എറിയാട് പഞ്ചായത്തിൽ കൂടുതൽ ജിയോ ബാഗുകൾ അനുവദിക്കണമെന്നും കടലാക്രമണം തടയാനുള്ള അടിയന്തര നടപടികൾ എടുക്കണമെന്നും നാട്ടുകാർ കളക്ടറോട് ആവശ്യപ്പെട്ടു. ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ എ.ഡി.എം റെജി.പി. ജോസഫിനൊപ്പം ഏങ്ങണ്ടിയൂർ പഞ്ചായത്ത് പ്രസിഡണ്ട് പി.എം ജ്യോതിലാൽ, വാടാനപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ഷിജിത്ത് വടക്കുഞ്ചേരി, തഹസിൽദാർ പി.എസ്.രാജേഷ് എന്നിവരും എറിയാട് പഞ്ചായത്തിൽ തഹസിൽദാർ കെ. രേവ, വിവിധ വാർഡ് അംഗങ്ങൾ എന്നിവരും കളക്ടറെ അനുഗമിച്ചു.

സംസ്ഥാന സ്കൂൾ കായിക മേള : ജൂഡോയിൽ തൃശൂർ ജില്ല ഓവർറോൾ ചാമ്പ്യന്മാർ

ജില്ലയിൽ മൂന്ന് ദിവസങ്ങളായി നടന്നു കൊണ്ടിരുന്ന സംസ്ഥാന കായിക മേള അവസാനിച്ചപ്പോൾ ജൂഡോയിൽ തൃശൂർ ജില്ല 126.5 പോയിന്റോടെ ഓവർറോൾ ചാമ്പ്യന്മാരായി. 71.5 പോയിന്റുമായി ഇടുക്കി രണ്ടാം സ്ഥാനത്തും, 68.5 പോയിന്റുമായി തിരുവനന്തപുരം മൂന്നാം സ്ഥാനത്തും എത്തി. 20 സ്വർണം, 7 വെള്ളി, 11 വെങ്കല മെഡലുകൾ ആണ് തൃശൂർ ജില്ല നേടിയത്. 8 സ്വർണം, 9 വെള്ളി, 9 വെങ്കല മെഡലുകൾ ഇടുക്കി നേടിയപ്പോൾ, 10 സ്വർണ്ണം, 5 വെള്ളി, 7 വെങ്കല മെഡലുകൾ തിരുവനന്തപുരം ജില്ല സ്വന്തമാക്കി. 47.5 പോയിന്റോടെ പാലക്കാട് നാലാം സ്ഥാനത്തെത്തി.